**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ധർമ്മശാല കമ്മ്യൂണിറ്റി ഗാഡനിലെ റീ.സർവ്വെ നം. 310/4 ൽപ്പെട്ട 95 ആർ സ്ഥലം ആന്തൂർ നഗരസഭയ്ക്ക് പൂർണ്ണമായും വിട്ടു നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3179/18/ത.സ്വ.ഭ.വ                    തീയതി, തിരുവനന്തപുരം, 18.12.2018.

പരാമർശം - 1) 17.02.2017 ലെ സ.ഉ.(സാധാ) നം.453/17/ത.സ്വ.ഭ.വ

2) ആന്തൂർ നഗരസഭാ കൗൺസിലിന്റെ 16.06.2017 ലെ 1-ാം നമ്പർ തീരുമാനം

3) ഗ്രാമവികസന കമ്മീഷണറുടെ 04.10.2018 ലെ 4488/എച്ച്&റ്റി2/16/ സിആർഡി നമ്പർ കത്ത്

**ഉത്തരവ്**

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ധർമ്മശാല കമ്മ്യൂണിറ്റി ഗാഡനിലെ റീ.സർവ്വെ നം. 310/4 ൽപ്പെട്ട 95 ആർ സ്ഥലത്ത് ആന്തൂർ നഗരസഭയ്ക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വിട്ടു നൽകുന്നതിന് പരാമർശം (1) പ്രകാരം അനുവാദ അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ ആന്തൂർ നഗരസഭ ഓഫീസും അനുബന്ധ സൗകര്യങ്ങളും പൊതുജന സേവന സൗകര്യങ്ങളും ഒരുക്കുന്നതിനായി 95 ആർ സ്ഥലം പൂർണ്ണമായും ആവശ്യമായതിനാൽ റീ.സർവ്വെ നം. 310/4 ൽപ്പെട്ട 95 ആർ മൊത്തമായി കൈമാറി ലഭിക്കുന്നതിന് സർക്കാരിനോടാവശ്യപ്പെടാൻ പരാമർശം (2) പ്രകാരം അന്തൂർ നഗരസഭാ കൗൺസിൽ തീരുമാനിക്കുകയുണ്ടായി.

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ധർമ്മശാല കമ്മ്യൂണിറ്റി ഗാഡനിലെ റീ.സർവ്വെ നം. 310/4 ൽപ്പെട്ട 95 ആർ സ്ഥലത്തുനിന്നും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് നൽകിയ 8 സെന്റ് കഴിച്ചു ബാക്കിസ്ഥലം ആന്തൂർ നഗരസഭയ്ക്ക് വിട്ടുനല്കുന്നതിന് താളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടുള്ള നഷ്ടപരിഹാരം 18.3 കോടി രൂപയാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ധർമ്മശാല കമ്മ്യൂണിറ്റി ഗാഡനിലെ റീ.സർവ്വെ നം. 310/4 ൽപ്പെട്ട 95 ആർ സ്ഥലം സർക്കാർ വക ധർമ്മശാല കമ്മ്യൂണിറ്റി ഗാഡൻസാണ്. 1964 മുതൽ 1979 വരെ ആന്തൂർ ഗ്രാമ പഞ്ചായത്തിന്റെ കൈവശമുണ്ടായിരുന്ന ടി സ്ഥലം കമ്മ്യൂണിറ്റി ഗാർഡൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായിട്ടാണ് തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചത്. ഇപ്പോൾ ടി സ്ഥലത്ത് കമ്മ്യൂണിറ്റി ഗാർഡൻസ്

ഇല്ലാത്തതിനാലും ടി സ്ഥലം ഉൾപ്പെടുന്ന പ്രദേശം ആന്തൂർ നഗരസഭയിലായതിനാലും തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ട നഷ്ട പരിഹാരം നിരാകരിച്ചും ടി സ്ഥലവും അതിൽ ഉൾപ്പെടുന്ന ആസ്തികളും ആന്തൂർ നഗരസഭയ്ക്ക് പൂർണ്ണമായും വിട്ടു നൽകിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

മുഹമ്മദ് റിയാസ്

ഡെപ്യൂട്ടി സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കണ്ണൂർ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപരം

അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, കണ്ണൂർ

ചെയർപേഴ്സൺ/സെക്രട്ടറി, ആന്തൂർ നഗരസഭ

സെക്രട്ടറി, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ.& എ), തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ